**14-ാം കേരള നിയമ സഭ**

**1-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.180** **13.07.2016-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ് :**<br>**ശ്രീ. ആന്റണി ജോൺ :**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ :**<br>**ശ്രീ. പി. ഉണ്ണി :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം വിശദമാക്കാമോ ; | (എ) സർക്കാർ/സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഈ അദ്ധ്യയന വർഷ ആരംഭത്തിൽ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ പരിശോധനയിൽ ടി കോളേജുകളുടെ ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാലാണ് സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടാനിടയായത്. |
| (ബി) അടിസ്ഥാന പശ്ചാത്തല സൗകര്യവും അദ്ധ്യയന സൗകര്യവുമില്ലാത്ത കോളേജുകൾക്ക് അനുമതി നല്കിയ നടപടി ഈ സ്ഥിതിക്ക് കാരണമായിട്ടു-ണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് ആരോഗ്യ സർവ്വകലാശാലയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നും ഇടപെടൽ സാധ്യമല്ലെന്നിരിക്കെ അഫിലിയേഷൻ നഷ്ടപ്പെട്ട കോളേജുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം തടയാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഈ പ്രശ്നം സുപ്രീം കോടതി നിയമിച്ച ലോധ കമ്മിറ്റിയുടെ പരിഗണനയിലായതിനാൽ അർഹമായ ഗുണനിലവാരമുള്ള കോളേജുകളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ മുഖേന ഇടപെടാൻ ശ്രമിക്കുന്നതാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും ഇല്ലാത്ത കോളേജുകളിൽ വിദ്യാഭ്യാസം നല്കരുതെന്നാണ് ഗവൺമെന്റ് നയം. |

**സെക്ഷൻ ഓഫീസർ**